# കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ

## പോലീസ് ഡയറി

**എൻ. രാമചന്ദ്രൻ ഐ.പി.എസ്.**



കുറ്റകൃത്യങ്ങളുടെ അന്വേഷണച്ചുമതല നിർവ്വഹിച്ച് പരിചയസമ്പന്നനായ ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗികജീവിതത്തിൽ നിന്നും വിരമിച്ചതിനുശേഷം തന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന പ്രധാനപ്പെട്ടതും അസാധാരണവുമായ അനുഭവകഥകൾ തുറന്നെഴുതുന്ന പുസ്തകം.

*വായനക്കാർക്കു മാത്രമല്ല, അന്വേഷണമേഖലയിലെ ഉദ്യോഗസ്ഥർക്കും അഭിഭാഷകർക്കും നിയമവിദ്യാർത്ഥികൾക്കുപോലും വളരെ വെളിച്ചം പകരുന്ന ഒരു ബീക്കൺ ലൈറ്റായി പരിണമിക്കുന്ന പുസ്തകം.*

**–ജസ്റ്റിസ് കെ.ടി. തോമസ്**
*(പത്മഭൂഷൺ, മുൻ സുപ്രീം കോടതി ജഡ്ജി)*


കവർ ഡിസൈൻ : വിശാഖ് രാജ്, ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്

www.dcbooks.com

ഓർമ്മ

ISBN 978-93-5390-712-9 00004

9 789353 907129

E-book available

₹ 299


കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ • എൻ. രാമചന്ദ്രൻ ഐ.പി.എസ്.

DCB



4-ാം പതിപ്പ്

**എൻ. രാമചന്ദ്രൻ ഐ. പി. എസ്.**

# കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ

## പോലീസ് ഡയറി

DCB

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1705

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1705 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## എൻ. രാമചന്ദ്രൻ ഐ.പി.എസ്.

പ്രശസ്ത കഥാകാരൻ കാരൂർ നീലകണ്ഠപ്പിള്ളയുടെ മകൾ ബി. സരസ്വതിയുടെയും എം. ഇ. നാരായണക്കുറുപ്പിന്റെയും മകൻ. കോട്ടയം സി.എം.എസ്. കോളേജിലും എറണാകുളം ഗവ. ലോ കോളേജിലുമായി വിദ്യാഭ്യാസം. സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം. 1983-ൽ പോലീസ് സബ്ബ് ഇൻസ്പെക്ടറായി ഔദ്യോഗികജീവിതം ആരംഭിച്ചു. 2005-ൽ രാഷ്ട്രപതിയുടെ സ്തുത്യർഹസേവനത്തിനുള്ള പുരസ്കാരം നേടി. 2017-ൽ കോട്ടയം ജില്ലാ പോലീസ് മേധാവിയായിരിക്കെ പോലീസിലെ പരമോന്നത ബഹുമതിയായ രാഷ്ട്രപതിയുടെ വിശിഷ്ടസേവാ മെഡൽ ലഭിച്ചു. സൂര്യനെല്ലി കേസിലെ പ്രധാന പ്രതിയെ അറസ്റ്റു ചെയ്തതിന് ഗവർണ്ണറുടെ പ്രത്യേക പ്രശംസാപത്രവും കേരള സർക്കാരിന്റെ ക്യാഷ് അവാർഡും കിട്ടി. ബാഡ്ജ് ഓഫ് ഓണർ, മെറിറ്റോറിയസ് സർവ്വീസ് എൻട്രീസ്, ഗുഡ് സർവ്വീസ് എൻട്രീസ് തുടങ്ങി ഇരുനൂറോളം പുരസ്കാരങ്ങൾ സർവ്വീസിനിടയിൽ നേടിയിട്ടുണ്ട്. 2008-ൽ ഐ.പി.എസ്. ലഭിച്ചു. പാലക്കാട് കെ.എ.പി. കമാൻഡന്റ്, ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച്, വിജിലൻസ് തുടങ്ങിയ വിഭാഗങ്ങളിൽ സൂപ്രണ്ട് ഓഫ് പോലീസ്, കേരള വനിതാ കമ്മീഷൻ ഡയറക്ടർ, കേരള വിദ്യുച്ഛക്തി വകുപ്പിൽ ചീഫ് വിജിലൻസ് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 2018-ൽ വിജിലൻസ് എസ്.പി. ആയിരിക്കെ സർവ്വീസിൽനിന്ന് വിരമിച്ചു.

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ഓർമ്മപ്പുസ്തകങ്ങൾ അറിയാൻ
ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

എൻ. രാമചന്ദ്രൻ ഐ.പി.എസ്.

# കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ

പോലീസ് ഡയറി

അവതാരിക
ജസ്റ്റിസ് കെ.ടി. തോമസ്

ഡിസിബുക്സ്

MALAYALAM LANGUAGE
Kuttānveshanathinte Kānappurangal

MEMOIR
*by* N. Ramachandran I P S

Rights Reserved
First Published September 2020
This edition-October 2021

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Ramachandran, N.
Kuttanveshanathinte Kanappurangal/ N. Ramachandran;
288 p., 21 cm.
ISBN 978-93-5390-712-9
1. Memoir. I. Title.
920–dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5390-712-9

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

741/21-22-Sl.No. 22218-dcb 7512-(4)1000-9164-10-21-hn 60-p pk-r(t)mh-d(t)bs

# ആമുഖം

ഒരു പോലീസ് ഓഫീസറുടെ സേവനചരിത്രം മാത്രമല്ല 'കുറ്റാന്വേഷണത്തിന്റെ കാണാപ്പുറങ്ങൾ' എന്ന ഈ പുസ്തകം. സർവ്വീസിലിരിക്കെ എന്റെ ജീവിതത്തിൽ അനുഭവിച്ചറിഞ്ഞ അസാധാരണമായ സംഭവവികാസങ്ങളുടെ ചില ഉള്ളുതൊടുന്ന ഓർമ്മകൾ, അത്ഭുതപ്പെടുത്തിയ ചില വ്യക്തിത്വങ്ങൾ, അമ്പരപ്പിക്കുന്ന ചില കാഴ്ചകൾ, അഭിമുഖീകരിക്കേണ്ടിവന്ന സങ്കീർണ്ണതകൾ എന്നിവയെല്ലാംചേർന്നുള്ള ഒരു കാലിഡോസ്കോപ്പ്കാഴ്ചയായും ഈ കുറിപ്പുകളെ കാണാം.

ഔദ്യോഗികജീവിത കാലഘട്ടത്തിൽ ഒരു പോലീസ് ഓഫീസർ അപൂർവ്വവും ഉദ്വേഗഭരിതവുമായ നിമിഷങ്ങൾ നേരിടേണ്ടിവരുന്നത് സ്വാഭാവികമാണ്. കുറ്റവാളികളെപ്പറ്റിയുള്ള സങ്കല്പങ്ങൾ പലതും തെറ്റായിരുന്നു എന്നും അത്തരത്തിലേക്ക് അവരെങ്ങനെ എത്തിപ്പെട്ടു എന്നതും മനസ്സിലാക്കാനുള്ള ഒരു വേദിയായിരുന്നു എന്റെ ഔദ്യോഗികജീവിതകാലം. ജീനുകൾക്കു സംഭവിച്ച ചില അവസ്ഥാന്തരങ്ങൾക്ക് ഇരയാകേണ്ടിവന്ന ഹതഭാഗ്യരും അക്കൂട്ടത്തിലുണ്ട്. ഉന്നത ബൗദ്ധികനിലവാരം പുലർത്തുന്നവരും മനോഗുണങ്ങൾ ഏറെയുള്ളവരുമായ പല കുറ്റവാളികളെയും നേരിടേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ അവരെപ്പറ്റി വ്യത്യസ്തതലത്തിലുള്ള പ്രതിപാദനങ്ങളും ഈ പുസ്തകത്തിൽ ഞാനെഴുതിയിട്ടുണ്ട്. പോലീസ് ഓഫീസർ എന്ന പരിഗണനമൂലം പല മഹാരഥന്മാരുമായി അടുത്തിടപഴകാനും ആശയസംവേദനം നടത്താനും സാധിച്ചു. ആ ഓർമ്മകളും ഇതിൽ കടന്നുവരുന്നു.

അമേരിക്കൻ ഐക്യനാടുകളിലെ സഞ്ചാരത്തിനിടയിൽ കണ്ടുമുട്ടിയ പ്രത്യേകതരം സ്വഭാവസവിശേഷതയുള്ള ചില മനുഷ്യരെ അഭിമുഖീകരിച്ച കാര്യം എഴുതിയിട്ടുള്ളത് കലയും കുറ്റകൃത്യങ്ങളും തമ്മിലുള്ള മനഃശാസ്ത്രപരവും ജൈവപരവുമായ അടുപ്പം ചൂണ്ടിക്കാട്ടാനാണ്. സാൻഫ്രാൻസിസ്കോയിലെ സാൻക്വിന്റീൻ ജയിൽ, സാൻഹൊസ്സെയിലെ സാന്റാക്ലാരകൗണ്ടി ജയിൽ എന്നീ ആഗോളപ്രശസ്തിയാർജ്ജിച്ച ജയിലറകൾ സന്ദർശിക്കാനുള്ള ഒരു സുവർണ്ണാവസരവും എനിക്കു ലഭിച്ചു. ആ അനുഭവവും ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇങ്ങനെയൊരു പുസ്തകം എഴുതിത്തയ്യാറാക്കാൻ ഏകദേശം ഒരു വർഷത്തോളമെടുത്തു. ഔദ്യോഗികകാലത്തെ വിവിധ സംഭവങ്ങൾ ഉൾപ്പെടുന്ന വാർത്തകൾ കാലക്രമത്തിൽ കൃത്യമായി സൂക്ഷിച്ചുവന്നിരുന്നതുകൊണ്ട് വസ്തുനിഷ്ഠമായി കാര്യങ്ങൾ പ്രതിപാദിക്കാൻ സാധിച്ചു എന്നാണെന്റെ വിശ്വാസം. എന്റെ പ്രിയ പത്നി അപർണ്ണയാണ് ഈ വാർത്തകളെല്ലാം വെട്ടിയെടുത്ത് ആൽബത്തിൽ ഒട്ടിച്ചു സൂക്ഷിച്ചിരുന്നത്. ഈ ആധുനികകാലത്ത് പുസ്തകരചനയ്ക്ക് പേഴ്സണൽ കമ്പ്യൂട്ടറിന്റെയും ടാബിന്റെയും പ്രയോജനം ഉപയോഗപ്പെടുത്താത്തവർ വിരളമാണ്. പക്ഷേ, ഈ പുസ്തകത്തിനു കൈയെഴുത്തുതന്നെയാണ് ഞാനവലംബിച്ചത്.

കൈയെഴുത്തുപ്രതിയിലെ തെറ്റുകൾ വെട്ടിയും തിരുത്തിയും പുതിയ കോപ്പി ഞാൻ പറയുന്നതിനനുസരിച്ചു തയ്യാറാക്കിത്തന്നത് അപർണ്ണയാണ്. പുസ്തകമെഴുത്തിനു എല്ലാവിധ പിന്തുണയുമറിയിച്ചുകൊണ്ട് കാലിഫോർണിയയിലുള്ള മകൾ ഇന്ദുലേഖയും ഭർത്താവ് വിനീത് രാജഗോപാലും ഒപ്പംനിന്നു. ആ ഒരു ആത്മവിശ്വാസംകൊണ്ടുകൂടിത്തന്നെ എന്റെ എളിയ പരിശ്രമം വളരെവേഗത്തിൽ യാഥാർത്ഥ്യമായി.

എഴുത്തിന്റെ വിശാലമായ ലോകത്തേക്കു പ്രവേശിക്കാൻ എനിക്കു തുണയായ അപർണ്ണയ്ക്ക് ഹൃദയപൂർവ്വം ഈ പുസ്തകം സമർപ്പിക്കുന്നു.

**എൻ. രാമചന്ദ്രൻ ഐ. പി. എസ്.**



അവതാരിക

## അന്വേഷണവഴിയിലെ ദീപസ്തംഭം

കുറ്റകൃത്യങ്ങളുടെ അന്വേഷണച്ചുമതല നിർവഹിച്ച് പരിചയസമ്പന്നനായൊരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ ഔദ്യോഗിക ജീവിതത്തിൽനിന്നും വിരമിച്ചതിനുശേഷം തന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന പ്രധാനപ്പെട്ട അന്വേഷണവിഷയങ്ങളെപ്പറ്റി ഒരു ഗ്രന്ഥം എഴുതുന്നത് വായനക്കാർക്കുമാത്രമല്ല, പിന്തുടർച്ചക്കാരാകുന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്കും വളരെ പ്രയോജനം ലഭിക്കുന്ന കാര്യമാണ്. അതിലേക്ക് രാമു എന്നു ഞാൻ വിളിക്കുന്ന എൻ. രാമചന്ദ്രൻ ഐ.പി.എസ്., എഴുതിയ ഈ ഗ്രന്ഥം സമൂഹത്തിനു നൽകുന്ന സംഭാവന വളരെ വിലയേറിയതാണ്.

ഈ ഗ്രന്ഥത്തിൽ പറയുന്ന പല കേസുകൾക്കും അപൂർവ്വങ്ങളായ ചില ഭാവവും രൂപവും എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രന്ഥകാരൻ നിയമവിദ്യാഭ്യാസം നേടിയിട്ടുള്ളതും ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് അന്വേഷണം നടത്തുമ്പോൾ നിയമപരിരക്ഷ ആർജ്ജിക്കുന്നതിന് അത് ആവോളം ഉപകരിച്ചിരുന്നു എന്നുമുള്ളത് ഈ ഗ്രന്ഥം വായിക്കുന്നവർക്കു ബോദ്ധ്യമാകും. അതിനേക്കാളുപരി അദ്ദേഹംതന്നെ ഏതോ സമയത്ത് ഒരു വധോദ്യമക്കേസിൽ പ്രതിയാകേണ്ടിവന്നതും അതു വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ നേരിടേണ്ടിവന്നു എന്നതും നിരപരാധികളായവർ ക്രിമിനൽ കേസുകളിൽ പ്രോസിക്യൂട്ട് ചെയ്യപ്പെടാതിരിക്കേണ്ടതിനു കൈക്കൊള്ളേണ്ട ജാഗ്രത എത്രമാത്രം അന്വേഷണോദ്യോഗസ്ഥനിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നു മനസ്സിലാക്കാനുതകുന്നതുമാണ്. രാമു ഈ കാര്യത്തിൽ അത്യധികം ബോധവാനായിരുന്നതായിട്ടാണ് എനിക്ക് ഈ ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ന്യായാധിപൻ എന്ന നിലയിൽ എനിക്ക് അഭിമുഖീകരിക്കേണ്ടിവന്ന സംഘർഷത്തിന് ഇടയായ ഒരു കേസ് ഇത്തരുണത്തിൽ പരാമർശിക്കുന്നതിന് ഞാനാഗ്രഹിക്കുന്നു.

പാനൂർ സോമൻ കേസ് എന്ന കോളിളക്കം സൃഷ്ടിച്ച ആ കേസിൽ ഒരു കുറ്റവും ചെയ്യാത്ത ആറു പോലീസുകാരെയാണ്

സിബിഐ കൊലക്കുറ്റത്തിനും ഗൂഢാലോചനയ്ക്കും പ്രതികളാക്കിക്കൊണ്ട് ചാർജ് കോടതിയിൽ സമർപ്പിച്ചത്. വിചാരണക്കോടതി അവരെ കുറ്റക്കാരെന്നു കണ്ട് ജീവപര്യന്തം തടവിനു ശിക്ഷിച്ച വിധിയിന്മേൽ കേരളാഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട അപ്പീലിൽ ഞാൻ തലവനായ ഒരു ഫുൾബെഞ്ച് മുമ്പാകെ വാദം കേൾക്കേണ്ടി വന്നു. മറ്റു പല കേസുകളിലും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകത ആ കേസിൽ ഉണ്ടായത് ശാസ്ത്രീയമായ ചില തെളിവുകളുടെ അടിസ്ഥാനത്തിലാണ് സെഷൻസ് ജഡ്ജ് അവർ കുറ്റക്കാരാണെന്നു കണ്ടത്. എന്നാൽ അതേ തെളിവുകൾ ഞങ്ങൾ വിശകലനം ചെയ്തപ്പോൾ, വളരെ കഴിവുറ്റ അഭിഭാഷകർ ഇരുഭാഗത്തും നടത്തിയ വാദങ്ങൾ കേട്ടുകഴിഞ്ഞപ്പോൾ ഞങ്ങൾക്കു ബോധ്യമായത് മരണപ്പെട്ട സബ് ഇൻസ്പെക്ടർ സോമൻ ആത്മഹത്യചെയ്തിരിക്കാനാണ് കൂടുതൽ സാധ്യത എന്നായിരുന്നു.

എന്റെ വിധിക്കുശേഷം വേറേ ചില വസ്തുതകൾ എനിക്ക് അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞു. ആ കേസിലെ പ്രതികളെ കൊലക്കുറ്റത്തിനു ഞങ്ങൾ ശിക്ഷിച്ചിരിക്കുന്നുവെങ്കിൽ നീതിന്യായചരിത്രത്തിലെ ഒരു വലിയദുരന്തമായി അതു പരിണമിക്കുമായിരുന്നു. ഞങ്ങളുടെ വിധിയിന്മേൽ സി.ബി.ഐ. സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിച്ചെങ്കിലും പ്രതികളുടെ ഭാഗ്യത്തിന് അവിടെ വാദം കേട്ടത് ക്രിമിനൽ നിയമത്തിൽ വളരെ പ്രാഗല്ഭ്യം ഉണ്ടായിരുന്ന ജഡ്ജിമാരായിരുന്നു. അവർ ഹൈക്കോടതി വിധി ശരിവച്ചു. ഒരു അന്വേഷണ ഉദ്യോഗസ്ഥൻ ഈ സന്ദർഭത്തിൽ എത്രമാത്രം ജാഗ്രത പുലർത്തിയാൽമാത്രമേ ഒരു നിരപരാധിയെ കുറ്റകൃത്യത്തിൽ ചാർജ് ചെയ്യാതിരിക്കാൻ സാധിക്കൂ എന്നാണിതു കാണിക്കുന്നത്. കോടതിയിൽ ജഡ്ജിമാർക്കു പരിഗണിക്കാൻ അനുവദിച്ചിട്ടുള്ള തെളിവുകൾക്കു പുറമേയുള്ള വേറേ ചില വസ്തുതകൾകൂടി അന്വേഷണോദ്യോഗസ്ഥന് അറിയാൻ സാധിക്കണം. എന്നാലേ ഇക്കാര്യത്തിൽ അന്വേഷണ ജാഗ്രതയും ഉത്തരവാദിത്വവും പതിന്മടങ്ങായിട്ട് വർദ്ധിപ്പിക്കാൻ കഴിയൂ. ഇതേപ്പറ്റി ഗ്രന്ഥകാരന് അമിതമായ അവബോധം ഉണ്ടായിരുന്നതായി ഈ ഗ്രന്ഥത്തിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹംതന്നെ ആ കാര്യം സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്:

'ഒരാൾ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടു കഴിഞ്ഞാൽ സമൂഹം അയാളെ കുറ്റവാളിയായിക്കാണാനാണു താത്പര്യപ്പെടുന്നത്. യഥാർത്ഥത്തിൽ അയാൾ കുറ്റാരോപിതൻ മാത്രമാണ്. അതുമൂലം അയാൾക്കുണ്ടാകുന്ന സോഷ്യൽസ്റ്റിഗ്മാ അയാൾക്കു മാത്രമല്ല; അയാളുടെ അടുത്ത തലമുറയ്ക്കും ചിലപ്പോൾ തലമുറകൾക്കും അനന്തമായി നീളാം. ഒരു നിരപരാധി പ്രതിയാകുമ്പോൾ നിസ്സ



ഹായനായി നോക്കിനിൽക്കാൻമാത്രമേ അയാൾക്കു കഴിയുകയുള്ളൂ.'

ഈ സന്ദർഭത്തിൽ ഗ്രന്ഥകാരൻ അവസാനമായി പറയുന്നത്, അന്വേഷണോദ്യോഗസ്ഥനെ സ്വതന്ത്രമായി, കാര്യപ്രാപ്തിയോടുകൂടി അന്വേഷണം നടത്താൻ അനുവദിച്ചില്ലെങ്കിൽ വലിയ ദുര്യോഗങ്ങൾ ഭാവിയിൽ ഉണ്ടായേക്കാം എന്നാണ്.

ഈ ഗ്രന്ഥത്തിൽനിന്നാണ് ബാർകോഡ് ഒരു അന്വേഷണോദ്യോഗസ്ഥനെ സംബന്ധിച്ച് എത്രമാത്രം പ്രസക്തമാണെന്നു ഞാൻ മനസ്സിലാക്കുന്നത്. അമ്മഞ്ചേരി എന്ന സ്ഥലത്ത് 2016-ൽ ഒരു റബർത്തോട്ടത്തിൽ ചാക്കിൽ കെട്ടിയ ഒരു മൃതദേഹത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ രാമു നിയുക്തനായി. അന്വേഷണം ഏറ്റെടുക്കുമ്പോൾതന്നെ അദ്ദേഹം ആദ്യം ചെയ്തത് ആ സ്ഥലത്ത് പുറമേനിന്നും ആളുകൾ തള്ളിക്കയറാതിരിക്കാൻ ഏർപ്പാടുചെയ്യുക എന്നതായിരുന്നു. അതിന് അദ്ദേഹത്തെ സ്വാധീനിച്ച ആപ്തവാക്യം അദ്ദേഹംതന്നെ ഉദ്ധരിച്ചത് 'Scene of Crime in a Gold mine' എന്നായിരുന്നു. മൃതദേഹം ഒളിപ്പിച്ചിരുന്ന പോളിത്തീൻ ബാഗിൽ 'Mq' എന്നുതുടങ്ങുന്ന ഒരു ബാർകോഡ് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അത് എത്രമാത്രം ആ കേസിന്റെ പൂർണ്ണ വിവരങ്ങളുടെ ചുരുൾ അഴിഞ്ഞുകിട്ടാൻ സാധിച്ചു എന്ന് ടി ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.

'തിരുട്ടുഗ്രാമങ്ങളും ഡാറ്റാ ബാങ്കും' എന്ന തലക്കെട്ടുള്ള അദ്ധ്യായത്തിൽ 2017-ൽ രാത്രിയിൽ നീറിക്കാട് എന്ന സ്ഥലത്തുണ്ടായ ഒരു മോഷണ പരമ്പരയെപ്പറ്റിയാണു വിവരിക്കുന്നത്. 'തമിഴ്നാട്ടുകാരായ വിദഗ്ദ്ധന്മാരായ മോഷ്ടാക്കൾ ഒറ്റപ്പെട്ട വീടുകൾ, വൃദ്ധദമ്പതികൾ താമസിക്കുന്ന ഭവനങ്ങൾ, മോഷണത്തിനുശേഷം പെട്ടെന്ന് രക്ഷപ്പെടാൻ പറ്റിയ സ്ഥലങ്ങൾ തേടിപ്പിടിക്കുന്നതിൽ പ്രത്യേക വൈദഗ്ദ്ധ്യം പുലർത്തിയിരുന്നു' എന്ന ഭാഗം വായിച്ചപ്പോൾ എനിക്കുണ്ടായ ഒരു അനുഭവം മറക്കാനാകാത്ത നിലയിൽ എന്റെ മനസ്സിൽ കിടക്കുന്നത് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

2007 ജൂൺ മാസം 21-ാം തീയതി രാത്രിയിൽ ഒരു മണിക്ക് എന്റെ വീട്ടിൽ രണ്ടോ അതിൽ കൂടുതലോ അംഗങ്ങളുള്ള ഒരു സംഘം വളരെ വിദഗ്ദ്ധമായി ഭവനഭേദനം നടത്തി. ഞങ്ങളുടെ ബെഡ്റൂമിലും അതിനോടു ചേർന്നു ഡ്രസിങ്റൂമിന്റെ പൂട്ടിയിട്ടിരുന്ന ഗോദ്റേജ് അലമാരിയിൽനിന്നും വിദഗ്ദ്ധമായി സ്വർണാഭരണങ്ങളും കുറേ പണവും അവർ മോഷ്ടിച്ചു. അപ്പോൾ രാത്രിയിൽ സമയം രണ്ടു മണിയോടടുത്ത് ആയിരുന്നു. ഞാനും ഭാര്യയും ഗാഢനിദ്രയിൽ ആയിരുന്നു. എന്തോ അനക്കം കേട്ട

ഭാര്യ ആദ്യം ഉണർന്നു. അപ്പോഴേക്കും തസ്കരന്മാർ ആ മുറിയിൽനിന്നും പോയ്ക്കഴിഞ്ഞിരിക്കണം. വീട്ടിലെ എല്ലാ ഭാഗത്തും ഉള്ള എല്ലാ ലൈറ്റുകളും കത്തിക്കാമായിരുന്ന ഒരു സ്വിച്ച് ഞങ്ങളുടെ ബെഡ്റൂമിൽ ഘടിപ്പിച്ചിരുന്നത് ഞാൻ അമർത്തി. എല്ലായിടത്തും വെളിച്ചം വന്നതോടെയായിരിക്കണം തസ്കരസംഘം രക്ഷപ്പെട്ടത്.

ഞങ്ങൾ ഉണർന്നു നോക്കിയപ്പോൾമാത്രമാണ് വീട്ടിലെ എല്ലാ മുറികളിലും അവർ കടന്നു പരിശോധന നടത്തിയിരുന്നു എന്നു മനസ്സിലായത്. അതിരാവിലേതന്നെ ഞാൻ അന്നത്തെ കോട്ടയം എസ്.പി. യായിരുന്ന ശ്രീജിത്തിനെ മൊബൈൽഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും എന്റെ മൊബൈലും മോഷ്ടിക്കപ്പെട്ടതായി മനസ്സിലായി. ഞാൻ അദ്ദേഹത്തെ എന്റെ ലാൻഡ്ഫോണിൽ വിളിച്ചപ്പോൾ ഒട്ടും താമസിയാതെ അദ്ദേഹം സ്ഥലത്തെത്തി. പിന്നീടു നടന്ന എല്ലാ അന്വേഷണങ്ങളും എല്ലാ ചാനലുകളും പ്രസിദ്ധപ്പെടുത്തിയതുകൊണ്ട് അതു കേരളത്തിൽ മാത്രമല്ല; സുപ്രീം കോടതിയുടെ ശ്രദ്ധയിൽവരെ ചെന്നെത്തി. അപ്പോൾ അസംബ്ലി നടക്കുന്ന സമയമായിരുന്നതുകൊണ്ട് അവിടെയും ഈ സംഭവം പരാമർശിക്കപ്പെട്ടു. മോഷ്ടാക്കളെ പിടിക്കുന്നതിനോ മോഷണ മുതൽ കണ്ടെടുക്കുന്നതിനോ സാധിച്ചില്ലെങ്കിലും എനിക്കു രണ്ടു കാര്യങ്ങൾ നേടാനായി.

സുപ്രീംകോടതിയിൽ ജസ്റ്റിസ് ബി.എൻ. അഗർവാൾ കേരള സർക്കാർ കക്ഷിയായ ഒരു കേസ് കേട്ടുകൊണ്ടിരുന്നപ്പോൾ എന്റെ വീട്ടിലെ മോഷണത്തെപ്പറ്റിയും സൂചിപ്പിച്ചു. 'ഒരു മുൻ സുപ്രീംകോടതിജഡ്ജിയുടെ ഭവനത്തിന് ഒരു സുരക്ഷയും ഇല്ലെങ്കിൽ ആ സംസ്ഥാനത്ത് നിയമപരിപാലനം എത്രമാത്രം കുറവാണെന്നു ഞങ്ങൾ ഊഹിക്കുന്നു.'

ആ പരാമർശത്തിന്റെ വെളിച്ചത്തിൽകൂടിയാകണം കേരള സർക്കാർ എന്റെ ഭവനത്തിനു പോലീസ് സെക്യൂരിറ്റി ഉത്തരവിട്ടത്. (നേരത്തേ അതിനു ഗവൺമെന്റ് തയ്യാറായിരുന്നെങ്കിലും ഞാനാണ് അതു പിൻവലിപ്പിച്ചത്) രണ്ടാമത്തേത്, എല്ലാവരും അവരുടെ ബെഡ്റൂം രാത്രിയിൽ അകത്തുനിന്നും പൂട്ടിയിടുന്നതു നല്ലതായിരിക്കുമെന്നുള്ള പാഠം ഞാൻ പഠിച്ചത്. തസ്കരന്മാർ ഞങ്ങളുടെ വീട്ടിലെ ഇരുമ്പുപാരയും വെട്ടരിവാളും കൈക്കലാക്കിയിരുന്നതുകൊണ്ട് ഞങ്ങളുടെ ബെഡ്റൂമിൽ കയറുന്ന സമയത്ത് അവർ ആയുധധാരികൾ ആയിരിക്കുമല്ലോ. അവർ ബെഡ്റൂമിനകത്തുണ്ടായിരുന്നപ്പോൾ ഞങ്ങൾ ഉണർന്നിരുന്നുവെങ്കിൽ ഞങ്ങൾക്ക് എന്തു സംഭവിക്കുമായിരുന്നെന്ന് ഊഹിക്കാവുന്നതേയുള്ളൂ. എന്തുകൊണ്ട് ആ സമയത്ത് ഉണർന്നില്ല



എന്നതിന് എനിക്ക് ഒരു ഉത്തരമേ പറയാനുള്ളൂ. ചെറുപ്പത്തിൽ എന്റെ അമ്മ അതിരാവിലെ പ്രാർത്ഥനയ്ക്കു പഠിപ്പിച്ച ഒരു പാട്ടിൽ ഇങ്ങനെയുണ്ട്:

'ഉറക്കത്തിനു സുഖവുംതന്നെൻ
അരികെനിന്ന കൃപയ്ക്കായ്
ഉറങ്ങാതെന്നെ പരിപാലിച്ച
തിരുമേനിക്കു മഹത്ത്വം.'

ഈ കാര്യങ്ങൾകൂടി ഗ്രന്ഥകാരന്റെ പുസ്തകം വായിച്ചപ്പോൾ എന്റെ മനസ്സിൽക്കൂടി കടന്നുപോയതുകൊണ്ടാണ് ഞാൻ ഇത്രയും എഴുതിയത്. നീറിക്കാട് നടന്ന മോഷണപരമ്പരയുടെ അന്വേഷണത്തിന്റെ ഫലമായി അദ്ദേഹം ഒരു 'ഡാറ്റാബാങ്ക്' തയ്യാറാക്കാൻ തീരുമാനമെടുത്തു. ആ ഭാഗം പൂർത്തീകരിക്കുമ്പോൾ അദ്ദേഹം ഇങ്ങനെ പറയുന്നു: 'അദ്ഭുതകരമെന്നു പറയട്ടെ ഡാറ്റാബാങ്കിലേക്കു വിവരങ്ങൾ ശേഖരിക്കാൻ തുടങ്ങിയതിനുശേഷം തമിഴ്നാടു തിരുട്ടുസംഘങ്ങളുടെ ഒരു കവർച്ചയും കോട്ടയം ജില്ലയിൽ നടന്നിട്ടില്ല.'

ഈ ഗ്രന്ഥത്തിൽ മറ്റു കാര്യങ്ങൾകൂടി സ്പർശിക്കുവാൻ തുടങ്ങിയാൽ ഈ അവതാരിക വളരെയധികം നീണ്ടുപോകുമെന്നു ഞാൻ ഭയപ്പെടുന്നതുകൊണ്ട് രണ്ടു കാര്യങ്ങൾകൂടിമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ഒന്ന്, ലക്ഷ്മികാന്ത് കൊലക്കേസ് അദ്ദേഹം വളരെ വിശദമായി തന്റെ പുസ്തകത്തിൽ പറയുന്നുണ്ട്. മലയാളം സിനിമ വളർച്ചയെത്തുന്നതിനുമുമ്പ് കേരളത്തിലെ തിയേറ്ററുകളിൽ പ്രദർശിപ്പിച്ചുകൊണ്ടിരുന്ന തമിഴ് സിനിമകളിൽ ഏറ്റവും വലിയ നായകനായിരുന്ന ത്യാഗരാജഭാഗവതരും ഫലിത സാമ്രാട്ടായിരുന്ന എൻ.എസ്. കൃഷ്ണനും ഉൾപ്പെടെയുള്ള സിനിമാക്കാരായിരുന്നു ആ കേസിലെ പ്രതികൾ. വളരെ ചെറുപ്പത്തിൽ ഞാൻ ശ്രദ്ധിച്ചിട്ടുള്ള ആ കേസിന്റെ സമ്പൂർണ്ണമായ വിവരണം ഈ ഗ്രന്ഥത്തിൽ ഒരു പ്രത്യേക സന്ദർഭം ഉപയോഗിച്ച് ഗ്രന്ഥകാരൻ വർണിച്ചത് എനിക്കു വളരെ കൗതുകത്തിനിടയാക്കി.

രണ്ട്, ക്രിമിനൽകേസുകളിൽ പ്രോസിക്യൂഷൻഭാഗം സാക്ഷികൾക്ക് സംരക്ഷണം നൽകാതിരുന്നാൽ പലപ്പോഴും സാക്ഷികൾ സ്വയം രക്ഷയ്ക്കുവേണ്ടി കോടതിയിൽ മൊഴികൊടുക്കുമ്പോൾ പ്രതിഭാഗം ചേർന്നതായി പ്രഖ്യാപിക്കപ്പെടുന്നുണ്ട്. ആ കാര്യത്തിൽ Witness Protection എന്ന പരിരക്ഷയ്ക്കുവേണ്ടി ഗ്രന്ഥകാരൻ നടത്തിയ പരിശ്രമങ്ങൾ ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

വ്യക്തിപരമായ ഒരു കാര്യംകൂടെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാമുവിന്റെ മാതൃപിതാവ് കഴിഞ്ഞ തലമുറയിലെ പ്രശസ്തനായ ചെറുകഥാകൃത്തും നോവലിസ്റ്റുമായ കാരൂർ നീലകണ്ഠപിള്ള അവർകൾ അദ്ധ്യാപകനായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ക്ലാസ്സിൽ പഠിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. ആ ഗുരുനാഥന്റെ കൊച്ചുമകനായ രാമുവിന് ഇത്രയും ഭംഗിയായി പുസ്തകരചന നടത്തുവാൻ സാധിച്ചതിൽ എനിക്ക് അത്ഭുതമില്ല. അതുകൊണ്ട് ഈ അവതാരിക എഴുതുന്നതിന്റെ നിയോഗം ഒരു ഗുരുദക്ഷിണയായി എന്ന ചാരിതാർത്ഥ്യംകൂടി എനിക്കു ലഭിക്കുന്നു.

ഏതു നിലയിലും ഈ ഗ്രന്ഥം വായനക്കാർക്കു മാത്രമല്ല; അന്വേഷണമേഖലയിലെ ഉദ്യോഗസ്ഥന്മാർക്കും അഭിഭാഷകന്മാർക്കും നിയമവിദ്യാർത്ഥികൾക്കുപോലും വളരെ വെളിച്ചം പകരുന്ന ഒരു Beacon Light ആയി പരിണമിക്കട്ടേ എന്നു ഞാൻ ആശംസിക്കുന്നു.

കോട്ടയം
26 സെപ്റ്റംബർ 2020

ജസ്റ്റിസ് കെ.ടി. തോമസ്



## ഉള്ളടക്കം

'കോയി ഹംദം ന രഹാ' എന്ന ഗാനവും മെഹമ്മൂദും....... 15
ധീരന്മാർക്ക് വേണ്ടിയുള്ളതല്ലേ ലോകം?......................... 24
എന്നും ഇരകൾക്കൊപ്പം ................................................34
ബാർകോഡ് എങ്ങനെ രക്ഷകനായി? ...........................43
പോൾ മെക്കാർട്ടിനിയും സമദ്ഖാനും .......................... 48
കളഞ്ഞുകിട്ടിയ പൊന്ന്............................................... 60
കാണാതായ വർക്കിയും മാർത്താണ്ഡം കതിരേശനും....68
തിരുട്ടുഗ്രാമങ്ങളും ഡേറ്റാബാങ്കും ................................ 80
സർപ്പസുന്ദരിയും മാരാഗ്യാങ്ങും.................................. 88
തണ്ണിത്തോട് മധുവധക്കേസ് ചുരുളഴിഞ്ഞതെങ്ങനെ?.. 107
ടി.എം. സൗന്ദരരാജും ലക്ഷ്മികാന്തൻ കൊലക്കേസും...113
അമേരിക്കൻ ഐക്യനാടുകളിലെ ജയിലറകൾ ............. 129
'To Protect and to Serve'...........................................153
അതിഥിത്തൊഴിലാളി ഉൾപ്പെടുന്ന കൊലപാതകങ്ങൾ ..175
മൾട്ടിഡ്രഗ് ഡിറ്റക്ഷൻ കിറ്റുകളുടെ പ്രസക്തി...................188
അയ്യപ്പനും തുണ്ടുകടലാസും........................................ 201
എലീൻ വാർണോസും സയനൈഡ് മല്ലികയും ............. 214
മദമിളകിയ കൊമ്പനും സഹീറും.................................. 241
തോക്കുകൾ കഥ പറയുന്നു.......................................... 258
കേരളാപോലീസിന് ദിശാബോധം നഷ്ടപ്പെട്ടോ?............. 274
*പദസൂചി* ............................................................... 286